പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3086 | 13.03.2018-ലെ മറുപടിക്ക്

## ഡ്യൂട്ടി പുന:ക്രമീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ. ടി.സി യിലെ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഡ്യൂട്ടി പുന:ക്രമീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഡ്യൂട്ടി പുന:ക്രമീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ